**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. HARITHA V KUMAR)

വിഷയം:- വനിത ശിശു വികസന വകുപ്പ് –2024 ലെ മലയാള ദിനാഘോഷവും ഭരണഭാഷാവാരാഘോഷവും -ആഘോഷപരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:
1. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പിന്റെ 24/09/2024 തിയ്യതിയിലെ ഒ എൽ 4/29/2024 പി & എ ആർ ഡി നമ്പർ സർക്കുലർ
2. ഈ കാര്യാലയത്തിലെ 29/09/2024 തിയ്യതിയിലെ DWCD/5456/2023-D3 നമ്പർ സർക്കുലർ

**ഉത്തരവ് നം. DWCD/5456/2023-D3 തീയതി: 10-10-2024**

കേരളത്തിലെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി സർക്കാർ വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. അതിന്റെ ഭാഗമായി കേരളപ്പിറവിയുടെ 68-ാം വാർഷികവേളയായ ഈ വർഷവും ആഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നതിനും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാവാരാഘോഷം വിപുലമായ രീതിയിൽ സംഘടിപ്പിക്കുന്നതിനും പരാമർശം (2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ആയതു പ്രകാരം ഭാഷാമാറ്റ പുരോഗതി കൈവരിക്കുന്നതിന് ഉതകുന്ന പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഒരു ജില്ലയ്ക്ക് 3300/- രൂപ നിരക്കിൽ പതിനാല് ജില്ലകൾക്ക് **46200/- രൂപ (നാൽപ്പത്തി ആറായിരത്തി ഇരുന്നൂറ് രൂപ)** ജില്ലാ വനിതാശിശു വികസന ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-001-90(NV)00-26 എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ടതാണ്. തുക ചെലവഴിച്ചതു സംബന്ധിച്ച ധനവിനിയോഗ സാക്ഷ്യപത്രം വിശദമായ റിപ്പോർട്ട് സഹിതം സമയബന്ധിതമായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

വനിത ശിശു വികസന ഡയറക്ടർ

പകർപ്പ് :

1. സൂപ്രണ്ട് A സെക്ഷൻ
2. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്